ഉത്തരം

(എ) രാജീവ്ഗാന്ധി ദേശീയ ക്രെഷ് പദ്ധതി പ്രകാരം സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്രെഷ് വർക്കർമാർക്ക് ഇപ്പോൾ 3000 രൂപ ഓണറേറിയം നൽകി വരുന്നു.

(ബി) ക്രെഷ് വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പദ്ധതികൾ**

276 (1937) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആവിഷ്കരിച്ചിട്ടുള്ള ക്ഷേമപദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും സാമൂഹ്യസുരക്ഷാ മിഷൻ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച വിവരങ്ങളും വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികളും സാമൂഹ്യക്ഷേമ ബോർഡ് നടപ്പിലാക്കിയ പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.*

**സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്തുവരുന്ന പെൻഷൻ**

277 (1938) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിടപ്പുരോഗികൾക്കും, ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്കും സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷൻ വഴി വിതരണം ചെയ്തുവരുന്ന പെൻഷൻ മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി ലഭ്യമാക്കാൻ കാര്യക്ഷമമായ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ 'ആശ്വാസകിരണം' പദ്ധതി പ്രകാരമുള്ള ധനസഹായത്തിനുള്ള 2016 ആഗസ്റ്റ് 15 വരെയുള്ള അപേക്ഷകളും കെട്ടിക്കിടന്ന 2011, 2012, 2013, 2014, 2015, 2016 മേയ് വരെയുള്ള 23804

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly